# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 08, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 9 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ നിന്നും 4 പേർക്കും, ആലപ്പുഴ ജില്ലയിൽ നിന്നും 2 പേർക്കും, പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും ഓരോരുത്തർക്ക് വീതവും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 13 പേരുടെ പരിശോധനാ ഫലം നെഗറ്റീവ് ആയിട്ടുണ്ട്. തിരുവനന്തപുരം (കൊല്ലം, സ്വദേശി) തൃശ്ശൂർ ജില്ലകളിൽ നിന്നും 3 പേരുടേയും ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നും, 2 പേർ വീതവും, കണ്ണൂർ ജില്ലയിൽ ചികിത്സയിലായിരുന്ന ഒരാളുടേയും പരിശോധനാഫലം ആണ് നെഗറ്റീവായത്. രോഗം സ്ഥിരീകരിച്ച 259 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 208 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 140474 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 139725 പേർ വീടുകളിലും 749 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 11986 സാമ്പിളുകൾ പരിശോധിച്ചതിൽ 10906 സാമ്പിളുകൾ നെഗറ്റീവ് ആണ്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആയുർവ്വേദ മേഖലയിലുള്ള പ്രമുഖരുമായി ചർച്ച നടത്തിയിരുന്നു. അവർ ഒരുപാട് നല്ല നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഇതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ഡോ. രാജ്മോഹനനെ ചുമതലപ്പെടുത്തിയിരുന്നു. ഡോ. രാജ്മോഹൻ റിപ്പോർട്ട് തയ്യാറാക്കി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആയുഷ് സെക്രട്ടറി ഡോ. ഷർമിള ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് മുഖ്യമന്ത്രി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഓർഡർ ഇന്ന് ഇറക്കിയിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിനായി ആയുർവ്വേദത്തെ എങ്ങനെ പ്രയോജനപ്പെടുത്താമെന്നുള്ളതാണ് പ്രധാനമായിട്ടും ഉദ്ദേശിക്കുന്നത്. കരുതലോടെ കേരളം കരുത്തേകാൻ ആയുർവേദം എന്ന മുദ്രാവാക്യം മുന്നോട്ടുവച്ചുകൊണ്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കോവിഡ് റെസ്പോൺസ് സെന്റർ ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ആയുർവേദ ഡിസ്പെൻസറികളും ആയുർ രക്ഷ ക്ലീനിക്കുകളായി മാറ്റും. സ്വാസ്ഥ്യം എന്ന പേരിൽ ജീവിതശൈലീരോഗങ്ങൾ ഉള്ളവർക്കും പ്രായാധിക്യമുള്ളവർക്കും രോഗപ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്. സുഖായുഷം എന്ന പേരിൽ 60 വയസ്സിനുമുകളിൽ ഉള്ളവരുടെ രോഗപ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്. പുനർജനി എന്ന പേരിൽ കോവിഡ് രോഗം ഭേദമായവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്. കൂടാതെ നിരാമയ എന്ന ഒരു

പദ്ധതിയും അവർ ആവിഷ്കരിക്കുന്നുണ്ട്. ഇങ്ങനെ ആരോഗ്യ മേഖലയിലുള്ള വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി കോവിഡിനെ നേരിടാമെന്ന നിലപാടിലാണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 13,53,361 കേസുകളും 79,235 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 4714 കേസുകളും 149 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 773 പുതിയ കേസുകളും 35 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. കാസർഗോഡ് ജില്ലയിൽ സജ്ജമായ കോവിഡ് ആശുപത്രിയെക്കുറിച്ചുള്ള വിവരണവും നടത്തി. ഇപ്പോഴത്തെ ടെസ്റ്റിംഗിനെക്കുറിച്ചുള്ള വിവരണവും മെഡിക്കൽ ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണവും നടത്തി. ആരോഗ്യവകുപ്പ് സമർപ്പിച്ച എല്ലാ ഗവേഷണങ്ങൾക്കുള്ള പ്രൊപ്പോസലുകളും ഐ സി എം ആർ അംഗീകാരം നൽകി. ഗവേഷണങ്ങൾക്കുള്ള 5 പ്രൊപ്പോസലുകളാണ് നൽകിയിരുന്നത്. തുടർന്ന് വയോജനങ്ങളുടെ സംരക്ഷണത്തെക്കുറിച്ചുള്ള വിശദമായ വിവരണവും നടത്തി. ആർ എൻ എ എക്സ്ട്രാക്ഷ ൻ കിറ്റുകൾ എല്ലാ 10 ലാബുകളിലും എത്തിയിട്ടുണ്ട്. ഐ സി എം ആർ നൽകിയ 20000 ടെസ്റ്റ് കിറ്റുകൾ നാളെ തിരുവനന്തപുരത്ത് എത്തും. അതിനുശേഷം ഇത് പത്ത് ലാബുകളിലേക്ക് വിതരണം ചെയ്യുന്നതാണ്.

## ചീഫ് സെക്രട്ടറി

മരുന്നുകളുടെയും, ഭക്ഷ്യസാധനങ്ങളുടേയും സ്റ്റോക്ക് നിരീക്ഷിക്കുന്നുണ്ട്. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ 3 ദിവസത്തിനുള്ളിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 1940 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഇന്നലത്തെ കണക്ക് വച്ച് നോക്കുമ്പോൾ 200-ഓളം വാഹനങ്ങൾ അധികമായി വന്നിട്ടുണ്ട്. വലിയ ഉള്ളിയുടെ വരവിൽ ഇപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. നിസ്സാമുദ്ദീനിൽ നിന്നും തിരികെ വന്ന 212 പേരെ കണ്ടെത്തിയതിൽ 148 പേരുടെ സാമ്പിളുകൾ പരിശോധിച്ചു. ഇതിൽ 17 പേരുടെ സാമ്പിളുകൾ പോസിറ്റീവ് ആയിട്ടുള്ളത്. 33 പേരുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. ഇറിഗേഷൻ കനാലുകളുടേയും, ടീ ബോർഡിന്റെയും, കമ്പ്യൂട്ടർ ഷോപ്പുകളുടേയും, വർക്ക്ഷോപ്പുകളുടേയും തുറന്നു പ്രവർത്തിക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൊച്ചിയിൽ കണ്ടെയിനറുകൾ കെട്ടികിടക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് ഷിപ്പിംഗ് സെക്രട്ടറിയുമായും, ആഭ്യന്തര സെക്രട്ടറിയുമായും സംസാരിച്ചിരുന്നു ഇങ്ങനെ ഒരു പ്രശ്നം വന്നാൽ കണ്ടെയ്നറുകൾ മാറ്റുന്നതിനുള്ള നടപടികൾ ചെയ്യാമെന്ന് അവർ അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് 172776 ലക്ഷം മുറികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1.10 ലക്ഷം മുറികൾ ഉടനെ ഉപയോഗിക്കാവുന്നതാണ്. 2 ലക്ഷം മുറികൾ ഇങ്ങനെ

കണ്ടെത്തണം എന്നാണ് ഇപ്പോൾ കരുതുന്നത്. കൂടാതെ 169646 ക്ലാസ് റൂമുകൾ വിവിധ സ്കൂളുകളിലായി കണ്ടെത്തിയിട്ടുണ്ട്. ആന്റിബോഡി ടെസ്റ്റിംഗിനുള്ള പ്രോട്ടോക്കോൾ ഡോ. ജയതിലകിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ചെക്ക്പോസ്റ്റിൽ 4 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ നിന്നും കർണ്ണാടകത്തിലേക്ക് പോയ 2 രോഗികളെ മടക്കിവിട്ടു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ശുദ്ധജലം (റിവേഴ്സ് ഓസ്മോസിസ്) ആശുപത്രികളിലും, ഡയാലിസിസ് കേന്ദ്രങ്ങളിലും വിതരണത്തിനായി പ്രവർത്തിക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് ഇൻഡസ്ട്രിസിന് ഇപ്പോൾ ശുദ്ധജലം ആശുപത്രികളിൽ എത്തിക്കാൻ സാധിക്കുന്നില്ല. ഇവരെ അവശ്യ സർവ്വിസിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ട്. ആന്റി ബോഡി ടെസ്റ്റുകൾ വരുന്ന സാഹചര്യത്തിൽ സമൂഹവ്യാപനം നടന്നിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള രണ്ട് പഠനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. 1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ പൊതുജനാരോഗ്യ വിഭാഗം, ഇവർ നിർദ്ദേശിച്ചിട്ടുള്ളത് മറ്റ് പല ആവശ്യങ്ങൾക്കും കൊടുക്കുന്ന രക്ത സാമ്പിളുകളിൽനിന്നുള്ള പഠനം. ഈ രീതിയിലുള്ള പഠനം മുമ്പ് എയ്ഡ്സ് വ്യാപിച്ചിരുന്ന കാലത്ത് നടത്തിയിട്ടുള്ളതാണ്. 2. അച്ച്യുതമേനോൻ ഹെൽത്ത് സയൻസ് സ്റ്റഡി സെന്ററും, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയും ചേർന്ന് തയ്യാറാക്കിയിട്ടുള്ളതാണ്. ഇത് അനുസരിച്ച് രോഗിയുമായി നേരിട്ട് ഇടപഴകിയിട്ടുള്ള ആരോഗ്യപ്രവർത്തകരുടെ സാമ്പിളുകളും, രോഗിയുമായി അടുത്ത് ഇടപഴകിയിട്ടുള്ളവരുടെ സാമ്പിളുകളും, പൊതുജനങ്ങളുടെ സാമ്പിളുകളും ഉപയോഗിച്ചാണ് ചെയ്യുന്നത്. മെഡിക്കൽ കോളേജിലെ പി. ഇ ഐ ഡി സെൽ ഈ പഠനം നടത്താമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം മേധാവി ഡോ.അരവിന്ദ് ഇതിന്റെ ചുമതല വഹിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ രണ്ട് പഠനങ്ങളുടേയും പ്രപ്പോസൽ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ഈ രണ്ട് പഠനങ്ങൾക്കുമായി 7500 ടെസ്റ്റ് കിറ്റുകൾ മാത്രമെ ആവശ്യം വരു.

## വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

റിവേഴ്സ് ഓസ്മോസിസ് ജലം വിതരണം ചെയ്യുന്നവർക്ക് 26.03.2020 ന് ഇറങ്ങിയ ഉത്തരവ് പ്രകാരം നിരോധനങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽസെക്രട്ടറി

കുടിവെള്ള വിതരണത്തിനും, അതിനുവേണ്ടിയുള്ള ഫണ്ട് കണ്ടെത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ആവശ്യത്തിനായി ദുരന്തനിവാരണ വകുപ്പുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ വരൾച്ച ആണെന്ന് പ്രഖ്യാപിച്ചാൽ മാത്രമെ ഡിസാസ്റ്റർ മാനേജുമെന്റിൽ നിന്ന് ഫണ്ട് ലഭിക്കുമെന്ന് അറിയിച്ചിട്ടുള്ളത്. കൂടാതെ ടാങ്കർ ലോറികൾക്കുള്ള പാസ് ലഭിക്കാത്തതും ബുദ്ധിമുട്ടായി അനുഭവപ്പെടുന്നുണ്ട്. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അതാതു ജില്ലകളിൽനിന്നും പുറപ്പെടുന്ന ലോറികൾക്ക് പാസ്സുകൾ നൽക

ണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചണിന്റെ കാര്യത്തിൽ പത്തനംതിട്ട ജില്ലയിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അവരോട് വിശദീകരണവും ചോദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഈ വർഷത്തെ പദ്ധതി അംഗീകരിക്കുന്നതിനായി ഡി പി സി കൂടാൻ നിർവ്വാഹമില്ലാത്തതിനാൽ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി കിച്ചണുകൾ നടത്തുന്നതിന് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിനുവേണ്ടിയും ഫണ്ട് കണ്ടത്തേണ്ടതുണ്ട്. ഇതിനായി വികസന ഫണ്ട് അനുവദിക്കണം. ഇതിനു വേണ്ടി പദ്ധതി വയ്ക്കുന്നതിന് സാധാരണ പ്രക്രിയ പൂർത്തീകരിച്ചില്ലെങ്കിലും ഡി പി സി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട് ഒരു ഓപ്പറേഷണൽ മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സാങ്കേതിക വിവരം ആരോഗ്യ വകുപ്പും, നടത്തിപ്പിനാവശ്യമായ വിവരം തദ്ദേശസ്വയംഭരണവകുപ്പുമാണ് നേതൃത്വം നൽകുന്നത്. ഒരു സെന്ററിനുമാത്രം ഏകദേശം 50 ലക്ഷം രൂപ വേണ്ടിവരും. ആയിരം പഞ്ചായത്തുകളിലായി സെന്ററുകൾ തുടങ്ങേണ്ടി വരുമ്പോൾ ഇത്രയും പണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടിവരും. ഇതിനായി ഒരു നിർദ്ദേശം മുന്നോട്ട് വച്ചിരുന്നു. ഇത് 3 ഘട്ടങ്ങളിലായി നടപ്പിലാക്കാം എന്നും പോസിറ്റീവ് കേസുകൾ കൂടുതലായുള്ള പഞ്ചായത്തുകളിൽ ആദ്യം തുടങ്ങാമെന്നുമായിരുന്നു ആദ്യം തീരുമാനിച്ചത്. എന്നാൽ ഇപ്പോൾ നഗരസഭകളിൽ മാത്രം ആദ്യ ഘട്ടത്തിൽ തുടങ്ങിയാൽ പോരെയെന്ന ഒരു അഭിപ്രായം ഉയർന്ന് വന്നിട്ടുണ്ട്. നഗരസഭകളിലാകുമ്പോൾ ഇതിനാവശ്യമായ സ്ഥലവും, കെട്ടിടവും എളുപ്പത്തിൽ കണ്ടെത്താവുന്നതാണ്. ഇതിനെല്ലാമായി ഒരു വ്യക്തമായ തീരുമാനം ആവശ്യമുണ്ട്.

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്

ഇന്ന് വൈകിട്ട് 4 മണി വരെ 89.46 % റേഷൻ കൊടുത്തുതീർത്തിട്ടുണ്ട്. ദു:ഖവെള്ളിക്ക് അവധി നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഡി.എസ്.ഒ മാരുടെ നേതൃത്ത്വത്തിലും ലീഗൽ മെട്രോളജിയുടെ നേതൃത്ത്വത്തിലും നല്ലരീതിയിൽ പരിശോധന നടക്കുന്നുണ്ട്. ഡി.എസ്.ഒ മാർ 792 ഉം, ലീഗൽ മെട്രോളജിയുടെ കീഴിൽ 300 പരിശോധനകളും നടത്തിയിട്ടുണ്ട്. പഴം, പച്ചക്കറി വിലയിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങൾ അടങ്ങിയ കിറ്റ് നാളെയോടെ ആദിവാസി മേഖലകളിൽ കൊടുക്കാൻ സാധിക്കും. എ എ വൈ ക്കാർക്ക് അതിനുശേഷം നൽകാൻ സാധിക്കും. കാസർഗോഡ് ജില്ലയിൽ സ്റ്റോക്ക് തീർന്നിട്ടില്ല. എൻ എഫ് എസ് എ യുടെ ഗോഡൗണിൽ ചരക്കിറക്കാൻ വന്ന തൊഴിലാളികളെ പോലീസ് തടഞ്ഞതിനാൽ ചരക്കിറക്കാൻ സാധിച്ചില്ല. മണ്ണെണ്ണ സൗജന്യ റേഷൻ നൽകിയതിനുശേഷം കൊടുക്കുന്നതാണ്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതിനുള്ള പരിഹാര നടപടികൾ എടുക്കണം . **(ചുമതല – വനം വകുപ്പ്)**
2. ആശുപത്രികളിൽ രക്തം കിട്ടാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. രക്തദാനത്തിന് സന്നദ്ധരായവർ മുന്നോട്ട് വരണമെന്ന് നമുക്ക് ആഹ്വാനം ചെയ്യാം.

അവർക്ക് അതിനുള്ള സാഹചര്യമൊരുക്കണം. **(ചുമതല—ആഭ്യന്തര-ആരോഗ്യ വകുപ്പ്)**

3. ലോക്ക് ഡൗൺ ലംഘിച്ച് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സ്റ്റേഷനുകളിൽ കൂടി കിടക്കുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കും. വാഹനം പിടിച്ചു വക്കേണ്ടതില്ല എന്ന് നമുക്ക് തീരുമാനിക്കാം. അതിനനുസരിച്ച് പിഴ ഏർപ്പെടുത്തിയാൽ മതി. **(ചുമതല - ആഭ്യന്തര വകുപ്പ്)**.
4. നിർമ്മാണമേഖല സ്തംഭിച്ചിരിക്കുന്നതിനാൽ സിമന്റ് കെട്ടികിടക്കുന്നു. അതിനു പോംവഴിയുണ്ടോ എന്ന് പരിശോധിക്കണം. 1200 ടണ്ണോളം സിമന്റ് കെട്ടി കിടക്കുന്നുണ്ടെന്നും അതു പരിശോധിച്ചപ്പോൾ കൂടുതൽ ആളുകൾ ജോലിക്കായി ഏർപ്പെടേണ്ടിവരുമെന്ന് കണ്ടതിനാലാണ് തീരുമാനം എടുക്കാത്തത് എന്നും വ്യവസായ വകുപ്പ് സെക്രട്ടറി പറഞ്ഞു. **(ചുമതല - വ്യവസായ വകുപ്പ്)**
5. മാസ്ക്, ഗ്ലൗസ് ഉപയോഗം ഇപ്പോൾ കൂടുതലാണ്. എന്നാൽ ഉപയോഗം കഴിഞ്ഞ് ഇത് പൊതുനിരത്തിൽ വലിച്ചെറിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനു വേണ്ട ബോധവൽക്കരണം നടത്തണം. **(ചുമതല - തദ്ദേശസ്വയംഭരണ-ശുചിത മിഷൻ വകുപ്പ്)**.
6. ചില പ്രത്യേക വിഭാഗം ആൾക്കാർക്ക് പരിഗണന നൽകിയതിനാൽ അത്തരത്തിലുള്ള കൂടുതൽ പരാതികൾ വരുന്നുണ്ട്. പാചകം, കാറ്ററിംഗ് തൊഴിലാളികൾ അവർക്ക് ജോലിയില്ലാത്തതിനാലുള്ള ബുദ്ധിമുട്ട് അറിയിച്ചിട്ടുണ്ട്. അത് ഇപ്പോൾ ഒന്നും ചെയ്യാൻ സാധ്യമല്ലെങ്കിലും പരിശോധിക്കണം. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
7. തണ്ണിത്തോട് നിരീക്ഷണത്തിലിരിക്കുന്ന ഒരു വിദ്യാർത്ഥിയുടെ വീടിന് ആക്രമണ ഭീഷണിയുണ്ടായി. അവരുടെ അച്ഛന് നേരെ വധ ഭീഷണി വന്നിട്ടുണ്ട് എന്നും പരാതിയുണ്ട്. ഇത് അന്വേഷിച്ച് കർശനമായ നടപടിയെടുക്കണം **(ചുമതല - ആഭ്യന്തരവകുപ്പ്)**.
8. കുട്ടനാട്, തൃശ്ശൂർ മേഖലകളിൽ കൊയ്ത്ത് നന്നായി നടക്കുന്നില്ല. ഇതിൽ കളക്ടർമാർ കാര്യക്ഷമമായി ഇടപ്പെടണം **(ചുമതല - ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ)**.
9. പത്രപ്രവർത്തകരുടെ ഇൻഷുറൻസ് അംശാദായം അടയ്ക്കേണ്ടത് 10 -ാം തീയതി ആണ്. ഈ സാഹചര്യത്തിൽ അത് ദീർഘിപ്പിച്ചു കൊടുക്കണം. **(ചുമതല -ധനകാര്യ വകുപ്പ്)**.
10. കെട്ടിടനിർമ്മാണ പെർമിറ്റ് ദീർഘിപ്പിച്ചു കൊടുക്കണം.**(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**.
11. വേനൽമഴ കാരണം കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കർഷകർ സഹായം ചോദിക്കുന്നു. മാത്രമല്ല കൃഷി ആരംഭിക്കാൻ ആവശ്യമായ വളം, കാർഷിക ഉപകരണങ്ങൾ ഒരുക്കി കൊടുക്കേണ്ടതാണ്. **(ചുമതല - ധനകാര്യ - കൃഷി വകുപ്പ്)**
12. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല എന്ന പരാതിയുണ്ട്. മാനേജ്മെന്റുകളുമായി ബന്ധപ്പെട്ട് ഇത് പരിഹരിക്കണം. **(ചുമതല - വിദ്യാഭ്യാസ വകുപ്പ്)**.
13. കുടിശ്ശികയുള്ള ഫെലോഷിപ്പുകൾ വിതരണം ചെയ്യേണ്ടതാണ്. **(ചുമതല - ധനകാര്യ വകുപ്പ്)**.
14. വൃദ്ധസദനങ്ങളിലെ കരാർ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്തത് പരിഹരിക്കണം. **(ചുമതല - ധനകാര്യ വകുപ്പ്)**.

15. സന്നദ്ധ പ്രവർത്തകർ ആവശ്യത്തിലധികം രജിസ്റ്റർ ചെയ്തെങ്കിലും 119 പഞ്ചായത്തുകളിൽ 50ൽ താഴെ മാത്രമേ ആൾക്കാർ വന്നിട്ടുള്ളു. ഈ സ്ഥലങ്ങളിൽ കൂടുതൽ പേരെ കണ്ടെത്താനുള്ള നടപടികൾ എടുക്കണം. **(ചുമതല - -തദ്ദേശസ്വയംഭരണ വകുപ്പ്).**
16. വിദേശത്ത് പഠിക്കുന്നവർ നോർക്ക റൂട്ട്സ് വഴി രജിസ്റ്റർ ചെയ്യണം. അതിനുള്ള അവസരമൊരുക്കണം. എന്നാലേ അവർക്ക് ഇൻഷുറൻസ് പരിരക്ഷയും വിമാന യാത്രാക്കൂലിയും ഇളവു ലഭിക്കുകയുള്ളു. **(ചുമതല - നോർക്ക)**
17. വിദേശത്ത് കോവിഡ് രോഗം വർദ്ധിക്കുന്നതിനാൽ അവിടെയുള്ളവരുടെ ആശങ്ക വർദ്ധിക്കുന്നു. അതിനാൽ അവർക്ക് ഡോക്ടർമാരുമായി ഓൺലൈനായി ബന്ധപ്പെടാനുള്ള സൗകര്യം ഒരുക്കണം. നോർക്ക വെബ്സൈറ്റിൽ അവർക്ക് രജിസ്റ്റർ ചെയ്യാം. ഇതിനു ഉച്ചയ്ക്ക് രണ്ടു മുതൽ വൈകിട്ട് ആറു മണിവരെ വരെ സമയം നൽകാം ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, ഇ, എൻ.ടി, ഓഫ്താൽമോളജി വിഭാഗങ്ങളിലുള്ള ഡോക്ടർമാരുടെ സേവനം ഇത് വഴി ലഭിക്കും. വിശദവിവരങ്ങൾക്ക് നോർക്ക വെബ്സൈറ്റിൽ ഹലോ ഡോക്ടർ/ ഡോക്ടർ ഓൺലൈൻ എന്നീ പരിശോധിക്കാവുന്നതാണ്. ഐ.എം.എയുടെ പിക് ഡോക്ടർ ഹോം എന്നിവരുമായി സഹകരിച്ചാണ് ഇത് നടത്തുന്നത്.**(ചുമതല -നോർക്ക, ഐ എം എ).**
18. റെയിൽവെ സ്റ്റേഷൻ കാറ്ററിംഗ് തൊഴിലാളികൾ ബുദ്ധിമുട്ട് അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല - ഡി ആർ എം)**
19. സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡിൽ നിന്ന് കലാകാരന്മാർക്ക് 1000 രൂപ വീതം 20000 പേർക്ക് നൽകണം. ഇതിന് 3 കോടി രൂപ വേണ്ടിവരും. കോവിഡ് പ്രശ്നമായതിനാൽ നടക്കാതെപോയ സാംസ്ക്കാരിക പരിപാടികൾക്ക് വകയിരുത്തിയിരുന്ന തുക (6 കോടി 75 ലക്ഷം രൂപ ) ഇതിനായി ഉപയോഗിക്കണം. **(ചുമതല - ധന - സാംസ്കാരിക വകുപ്പ്).**
20. പി എച്ച് സി കൾക്ക് മറ്റ് സ്ഥാപനങ്ങൾ ഇപ്പോഴത്തെ അവസരത്തിൽ വാഹനം നൽകുന്നു എന്ന് ഉറപ്പുവരുത്തണം. ഇത് ലഭിക്കുന്നു എന്ന് ഡി എം ഒ മാർ പരിശോധിച്ച് ഉറപ്പുവരുത്തണം. **(ചുമതല - തദ്ദേശസ്വയംഭരണ - ആരോഗ്യ വകുപ്പ്)**
21. കോട്ടയം, പാലക്കാട് ജില്ലകളിൽ ഡയാലിസിസ് ചെയ്യുന്ന വൃക്കരോഗികൾക്കും, കാൻസർ രോഗികൾക്കും മരുന്ന് ലഭിക്കുന്നില്ല. ഇത് അവർക്ക് ലഭ്യമാക്കണം **(ചുമതല - തദ്ദേശസ്വയംഭരണ - കെ എം എസ് സി എൽ, ആരോഗ്യ വകുപ്പ്)**
22. ഡയാലിസിസ് രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ കുറച്ചു ഗഡുക്കളെങ്കിലും വേഗം നൽകണം **(ചുമതല - ധനകാര്യ വകുപ്പ്).**
23. വയോജനങ്ങൾക്ക് കണ്ണട വാങ്ങുന്നതിനായി അത്തരം കടകൾ ആഴ്ചയിലൊരിക്കൽ തുറന്നു പ്രവർത്തിക്കണം **(ചുമതല - പൊതുഭരണ വകുപ്പ്)**
24. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് കിട്ടുന്നില്ല. ഇത് പരിശോധിക്കണം **(ചുമതല - ഉന്നത വിദ്യാഭ്യാസ - ധനകാര്യ വകുപ്പ്).**
25. തേനീച്ച കർഷകർക്ക് റബ്ബർ തോട്ടത്തിൽ സ്ഥാപിച്ച കൂടുകളിൽ നിന്ന് തേൻ എടുക്കാൻ കഴിയുന്നില്ല. ഇത് പരിശോധിച്ച് അനുമതി നൽകാവുന്നതാണ്.**(ചുമതല - കൃഷി വകുപ്പ്)**
26. കാസർഗോഡ് നിന്ന് കർണാടകത്തിലേക്ക് പോകുന്നവർ അവർക്ക് ആവശ്യമുള്ള ആശുപത്രികളിലേക്ക് കടത്തി വിടുന്നില്ല എന്ന് പരാതി ലഭിക്കുന്നുണ്ട്. ഇത് പരിശോധിക്കണം **(ചുമതല - ജില്ലാ കളക്ടർ കാസർഗോഡ്, ആഭ്യന്തര വകുപ്പ്).**

27. ചരക്ക് ഗതാഗത നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ കാലിത്തീറ്റ, പഞ്ചസാര എന്നിവയുടെ വരവ് ഉറപ്പ് വരുത്തണം **(ചുമതല - ഗതാഗത വകുപ്പ്)**
28. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കണം. തിരുവനന്തപുരം ചാലയിൽ വിലകുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 47 റേഷൻ കടകൾ പരിശോധിച്ചതിൽ 15 കടകളിൽ അളവിൽ ക്രമക്കേട്, തൂക്കക്കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ഇത് വിജിലൻസ് ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടുണ്ട്. **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**.
29. കൊവിഡ് 19 രോഗം മൃഗങ്ങൾക്ക് പകരാമെന്നിരിക്കെ, വനാതിർത്തികളിൽ മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്നവർ വ്യക്തിശുചിത്വം പാലിക്കേണ്ടതാണ്. കൂടാതെ കാട്ടുതീ ഉണ്ടാകാനും സാദ്ധ്യത ഉണ്ട്. ഇത് ഒന്നുകൂടി ശ്രദ്ധിക്കണം **(ചുമതല - വനം വകുപ്പ്)**.
30. പൊതുവിൽ മികച്ച സേവനമാണ് പോലീസ് നടത്തുന്നത്. ചിലരെ അകാരണമായി തടയുന്നുണ്ട്. ഇത് ശ്രദ്ധിക്കണം. ആൾക്കാരെ പരിശോധിക്കണം. എന്നാൽ ആവശ്യക്കാരെ അത് ന്യായമാണെങ്കിൽ പോകാൻ അനുവദിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**.
31. 487 വില്ലേജ് ഓഫീസുകളിൽ ജനങ്ങൾക്ക് ഒരു സേവനവും ലഭിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു വിഭാഗം ഉദ്യോഗസ്ഥരെ മറ്റു ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ടാകും. എന്നാൽ സേവനങ്ങൾ മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം. ണം **(ചുമതല - റവന്യൂ വകുപ്പ്)**
32. 265 പഞ്ചായത്തുകൾ, 339 കൃഷിഭവനുകൾ, 84 മൃഗാശുപത്രി, 34 തൊഴിൽ വകുപ്പ് സ്ഥാപനങ്ങൾ, 28 സിവിൽ സപ്ലൈസ് സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നില്ല എന്ന് കേൾക്കുന്നുണ്ട്. ഇത് പരിശോധിച്ച് സേവനങ്ങൾ മുടങ്ങാതിരിക്കാൻ ക്രമീകരണം നടത്തണം. ഇവിടങ്ങളിൽ ഓൺലൈൻ സംവിധാനങ്ങൾ വ്യാപകമാക്കണം. **(ചുമതല- ബന്ധപ്പെട്ട വകുപ്പുകൾ)**
33. വിദ്യാഭ്യാസ മന്ത്രി, സെക്രട്ടറിമാർ എന്നിവർ മീറ്റിംഗ് കൂടി ഓൺലൈനായി ക്ളാസ്സുകൾ ഉത്തര കടലാസ് മൂല്യനിർണ്ണയം എന്നിവ നടത്തുന്നത് പരിശോധിച്ചു. **(ചുമതല- വിദ്യാഭ്യാസ വകുപ്പുകൾ)**
34. കോവിഡ് പ്രതിരോധ പ്രവർത്തന ഉദ്യോഗസ്ഥർ ഫീൽഡിൽ ഉണ്ട് എന്ന് ഉറപ്പ് വരുത്തണം. **(ചുമതല- ബന്ധപ്പെട്ട വകുപ്പുകൾ)**
35. മത്സ്യ മേഖലയിലെ പ്രശ്നങ്ങളിൽ വകുപ്പ് മന്ത്രി ഇടപെടുന്നുണ്ട്. മത്സ്യങ്ങൾ പരിശോധിച്ചതിനുശേഷമെ കേടായി എന്ന് ഉറപ്പാക്കി കളയാൻ പാടുള്ളൂ. **(ചുമതല- ഫിഷറീസ് വകുപ്പ്)**
36. അതിഥി തൊഴിലാളികളെപ്പറ്റി തെറ്റായ പ്രചാരണം നടക്കുന്നു. ഇവർക്ക് എല്ലാം നൽകുന്നു എന്നാൽ നമ്മുടെ ആൾക്കാർക്ക് ഒന്നും നൽകുന്നില്ല എന്ന വാർത്ത പ്രചരിപ്പിക്കുന്നു. ഇത് രാഷ്ട്രീയത്തിന്റെ ഭാഗമാണ്. എന്നാൽ അവരുടെ താമസ സ്ഥലവും ഭക്ഷണവും നല്ലതാണെന്ന് ഉറപ്പാക്കണം. എസ് പി മാർ ഇന്നത്തെ മീറ്റിംഗിൽ 3,82,000 ഓളം വരുന്ന അതിഥി തൊഴിലാളികളിൽ അധികവും 15-ാം തീയതി തിരിച്ചുപോകാൻ കേരളം തീവണ്ടിയൊരുക്കും എന്നു കരുതിയിരിക്കുകയാണ് എന്നറിയിച്ചതായി ഡി ജി പി പറഞ്ഞു. കലാപ സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ഡി ജി പി പറഞ്ഞു. ഇത് കേന്ദ്രത്തെ അറിയിച്ച് അവരുടെ നിർദ്ദേശപ്രകാരം ഉചിതമായ തീരുമാനം എടുക്കണമെന്ന് മുഖ്യമന്ത്രി അറിയിച്ചു. **(ചുമതല - ആഭ്യന്തര വകുപ്പ്, ജില്ലാ കളക്ടർമാർ)**

37. കൊല്ലം അരിപ്പയിൽ സമരത്തിലുള്ള റേഷൻകാർഡ് ഇല്ലാത്തവർക്കും റേഷൻ നൽകുവാനുള്ള കാര്യം പരിശോധിക്കണം **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
38. പരിശോധനയുടെ കാര്യത്തിൽ നമ്മുടെ അവസ്ഥ മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി വ്യക്തത വരുത്തണം. ആന്റി ബോഡി കിറ്റുകളുടെ ലഭ്യതയുടെ കാര്യത്തിലും വ്യക്തത വരുത്തണം. **(ചുമതല - കെ എം എസ് സി എൽ, ആരോഗ്യ വകുപ്പ്)**
39. വ്യാജമദ്യ ലഭ്യത വർദ്ധിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം **(ചുമതല - എക്സൈസ് വകുപ്പ്)**
40. സഹകരണ ബാങ്കുകളിൽ സ്വത്ത് പണയം വച്ചവർ സബ് രജിസ്ട്രാർ ആഫീസുകളിൽ നിന്ന് ഗഹാൻ, സബ് രജിസ്ട്രാറുടെ ഒപ്പ് സഹിതം ശേഖരിച്ച് നൽകേണ്ടതാണ്. ഇതിപ്പോൾ സബ് രജിസ്ട്രാർമാർ നൽകുന്നില്ല എന്ന് പരാതിയുണ്ട്. സബ് രജിസ്ട്രാർമാർക്ക് വീടുകളിൽ വച്ച് ഡിജിറ്റൽ സിഗ്നേച്ചർ വഴി ഇത് നൽകാവുന്നതാണ്. ഇതു ഉറപ്പുവരുത്തണം **(ചുമതല - റവന്യൂ- സഹകരണ വകുപ്പ്)**
41. ബീഡി തൊഴിലാളികൾ വീടുകളിൽ ഇരുന്ന് ജോലി ചെയ്യുന്നുണ്ട്. ഇവർ ചെയ്ത് തീർത്തത് സ്ഥാപനങ്ങളിൽ എത്തിക്കാനോ അവിടെ നിന്ന് ബീഡി നിർമ്മിക്കാൻ ആവശ്യമായ സാധനങ്ങൾ കൊണ്ടുവരാനോ സാധിക്കുന്നില്ല. ആയതിനാൽ ഈ സ്ഥാപനങ്ങൾ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം തുറക്കുന്നത് പരിശോധിക്കണം. **(ചുമതല - പൊതുഭരണ വകുപ്പ്)**
42. ലോക്ക് ഡൗണുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയുമായി ഏപ്രിൽ 11 ന് വീഡിയോ കോൺഫറൻസ് നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരുമാനം അതിനുശേഷം ഏപ്രിൽ 12 ന് എടുക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
43. ഏപ്രിൽ 9, 10, 11, 12 തീയതികളിൽ കൊവിഡ് നിയന്ത്രണ സംവിധാനങ്ങൾക്ക് അവധി നൽകേണ്ടതില്ല. തദ്ദേശസ്വയംഭരണ വകുപ്പ് കൊവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് വലിയ ബാധ്യത എടുക്കേണ്ടിവരുന്നു. ഇത് പരിശോധിച്ച വ്യക്തത വരുത്തണം. **(ചുമതല - ധനകാര്യ - തദ്ദേശസ്വയംഭരണ വകുപ്പ്)**
44. കൊവിഡ് ചികിത്സാ കേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എവിടെയാക്കെ വേണമെന്ന പ്ലാനിംഗ് നടത്തണം. ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു വയ്ക്കണം. ആവശ്യം വന്നാൽ അതിനനുസരിച്ച് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടിവരും. **(ചുമതല - ആരോഗ്യ - തദ്ദേശസ്വയംഭരണ വകുപ്പ്)**

യോഗം 5.40 ന് അവസാനിച്ചു

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ